ഉത്തരം

(എ) സർക്കാർ 2005 ജൂലായ് മാസത്തിൽ തീരുമാനമെടുത്തു.

(ബി) യു.എസ്., യു.കെ., നെതർലാന്റ്സ്, ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങളുടെ പങ്കാളിത്തവും സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

(സി) സർക്കാർതലത്തിൽ റാങ്കിങ്ങ് നടത്തുന്നില്ല. രാജ്യത്തെ ബിസിനസ് പ്രസിദ്ധീകരണങ്ങളാണ് സർവ്വേയുടെ അടിസ്ഥാനത്തിൽ റാങ്കിങ്ങ് നടത്തുന്നത്.

(ഡി) ഇന്റർ നാഷണൽ എഡ്യൂക്കേഷൻ മീറ്റിനായി സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അന്തിമ ചെലവ് കണക്കാക്കി വരുന്നു.

സ്കൂൾ ലൈബ്രറി നവീകരിക്കാൻ പുതിയ പദ്ധതി

15 [1116] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ലൈബ്രറികളുടെ നവീകരണവും ശക്തിപ്പെടുത്തലും സംബന്ധിച്ച് സംസ്ഥാന സർക്കാരും പൊതു വിദ്യാഭ്യാസ വകുപ്പും എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്താണ് ;

(ബി) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിഞ്ഞു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി ഒരു സമയബന്ധിത പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പി.ടി.എ., ബാങ്കുകൾ, റോട്ടറി ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ ലൈബ്രറിക്ക് ആവശ്യമായ കെട്ടിടം, ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈബ്രറികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടെ ലൈബ്രറി മാനേജുമെന്റിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികാടിസ്ഥാനത്തിൽ സ്കൂൾ ലൈബ്രേറിയൻമാരായി നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ലൈബ്രറിക്കു പ്രത്യേക പിരീഡുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 14 ജില്ലകളിലേയും ലീഡ് സ്കൂളുകളിൽ മാതൃകാ ലൈബ്രറികൾ സജ്ജമാക്കുവാനും അവയുടെ പ്രയോജനം മറ്റു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കും. സംസ്ഥാനതലം, റവന്യൂ, ജില്ലാതലം, ഉപജില്ലാ വിദ്യാഭ്യാസതലം

LIBRARY ARCHIVES Kerala Legislative Assembly

എന്നീ തലങ്ങളിലെ മികച്ച ലൈബ്രറികൾ കണ്ടെത്തി അവയ്ക്ക് സമ്മാനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ വായനാമത്സരം, വായന വിളംബര ജാഥ, വായന സദസ്സ്, വായന കളരികൾ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് യു. പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.

എസ്.എസ്.എ. പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി

16 [1117] ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
„ എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ ചുമതലകൾ എന്തെല്ലാം ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്.എസ്.എ. പദ്ധതി നടത്തിപ്പിനായി മാച്ചിംഗ് ഗ്രാന്റിനത്തിൽ നൽകിയ തുകയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കാത്തതുമൂലം കേന്ദ്രത്തിൽ നിന്നും പദ്ധതിക്ക് സഹായം നൽകുന്നത് നിർത്തലാക്കും എന്ന് കേന്ദ്രം അറിയിച്ചിരുന്നോ ?

ഉത്തരം

(എ) പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ പഞ്ചായത്ത് പ്രസിഡന്റിനെ പഞ്ചായത്തുതല അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനായും നിയമിച്ചിട്ടുണ്ട്. സ്കൂൾതലത്തിൽ വാർഡ് മെമ്പർമാരുടെ അദ്ധ്യക്ഷതയിലാണ് പ്ലാനുകൾ രൂപീകരിക്കപ്പെടുന്നത്. സ്കൂൾതലത്തിൽ രൂപീകരിക്കപ്പെടുന്ന പദ്ധതി പഞ്ചായത്തുതലത്തിൽ സൂക്ഷ്മമായി പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി ജില്ലാതലത്തിൽ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സമിതി അംഗീകരിക്കുന്ന പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും വാർഡ് മെമ്പറും ഉൾപ്പെടെ ഏകദേശം 15000 പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പ്രാദേശിക ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly